**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല – ഒറ്റപ്പാലം നഗരസഭ – കിഫ്ബി സഹായത്തോടെ നിർമ്മിക്കുവാനുദ്ദേശിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് 2019 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 3(4)a, (1999 KMBR 3(C)(a) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ)നം.1798/2021/തസ്വഭവ** **തിരുവനന്തപുരം, തീയതി 18/09/2021.**

---

പരാമർശം:-
1. മാനേജിംഗ് ഡയറക്ടർ, ഇംപാക്ട് കേരളയുടെ 29/01/2020 തീയതിയിലെ കത്ത്.
2. മുഖ്യനഗരാസൂത്രകന്റെ 17/06/2020 തീയതിയിലെ ഇ 3/13683/17 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 25/08/2020 തീയതിയിലെ ജി1-10233/2020 നമ്പർ കത്ത്.
4. 13.08.2021 ൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഓൺലൈനായി നടത്തിയ യോഗം.

**ഉത്തരവ്**

സാമൂഹിക ശുചിത്വം ഉറപ്പാക്കുന്നതിനും, ആരോഗ്യകരമായ ജീവനത്തിനും അവശ്യ ഘടകമെന്ന നിലയിൽ സംസ്ഥാനത്തെ വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ അധീനതയിലുള്ള സ്ഥലങ്ങളിൽ ആധുനിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉൾപ്പെട്ട 28 Sewage treatment Plant കൾ സ്ഥാപിക്കുന്നതിനായി AMRUTH നേയും IMPACT Kerala യേയും ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത Sewage treatment Plant കളുടെ സ്ഥാപനത്തിന് പലപ്പോഴും തടസ്സമാകുന്ന പ്രധാന ഘടകം ലഭ്യമാകുന്ന സ്ഥലത്തിന്റെ പരിമിതികളാണ്. അതുപോലെ ഇത്തരത്തിൽ കണ്ടെത്തുന്നസ്ഥലങ്ങൾക്ക് ചട്ട പ്രകാരമുള്ള ദൂരപരിധി പാലിക്കുക അപ്രായോഗികമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ഇത്തരം പ്ലാന്റുകൾക്ക് ആവശ്യമാണ്. ടി സാഹചര്യത്തിൽ പൊതുജന താൽപര്യാർത്ഥം നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ള Sewage treatment Plant സ്ഥാപിക്കുന്നതിന് ആവശ്യമായ അനുമതി നൽകേണ്ടതാണെന്ന് പരാമർശം 1, 2, 3 പ്രകാരം ബന്ധപ്പെട്ട അധികാരികൾ സർക്കാരിനോടാവശ്യപ്പെട്ടിരുന്നു.

2. ഇക്കാര്യത്തിൽ നിലവിൽ പരിഗണിക്കപ്പെട്ടിരുന്ന പ്ലാന്റുകളിൽ KIIFB യുടെ അംഗീകാരം ലഭിച്ചത് കുന്നംകുളം, ഒറ്റപ്പാലം നഗരസഭകളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പ്ലാന്റുകൾക്കായിരുന്നു. തുടർന്ന് അവയുടെ കാര്യത്തിൽ അടിയന്തിര അനുമതി നൽകുന്ന വിഷയം പരാമർശം (4) പ്രകാരം ചേർന്ന യോഗത്തിൽ വിശദമായി അവലോകനം ചെയ്യുകയും, ഇത്തരം പ്ലാന്റുകളുടെ സ്ഥാപനത്തിന് വിഘാതം സൃഷ്ടിക്കുന്ന സ്ഥല ലഭ്യത, ചട്ട പ്രകാരമുള്ള ദൂരപരിധി പാലിക്കുക, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി എന്നീ ഘടകങ്ങൾ വിശദമായി ചർച്ച ചെയ്യുകയും, നിർദ്ദിഷ്ട Sewage treatment Plant കൾ നിർമ്മിക്കുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത യോഗത്തിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. അപ്രകാരം നിർമ്മാണത്തിനായി പരിഗണിച്ചതിൽ KIIFB യുടെ അംഗീകാരം ലഭിച്ച Sewage treatment Plant കളായ കുന്നംകുളം, ഒറ്റപ്പാലം നഗരസഭകളിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന Sewage treatment

Plant കളിൽ ഒറ്റപ്പാലം നഗരസഭയിലെ നിർദ്ദിഷ്ട Sewage treatment Plant നാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് ലഭിച്ചിട്ടുള്ളത്. തുടർന്ന് ടി പ്ലാന്റ് സ്ഥാപിക്കുന്നതിന് 2019 ലെ കേരളാ മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ പ്രകാരമുള്ള സെറ്റ് ബാക്കിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതു സംബന്ധിച്ച് ശുപാർശ ചെയ്യുവാൻ പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. സുസ്ഥിരമായ ആരോഗ്യ പരിപാലനത്തിനും, സാമൂഹിക ശുചിത്വം ഉറപ്പാക്കുന്നതിനും, അവശ്യ ഘടകമെന്ന നിലയിൽ Sewage treatment Plant കളുടെ സ്ഥാപനം അനിവാര്യമാണ്. ആയതിനാൽ സംസ്ഥാനത്തെ നഗരസഭകളിൽ സ്ഥാപിക്കുന്നതിനായി പരിഗണിച്ച Sewage treatment Plant കളിൽ KIIFB യുടെ അംഗീകാരം ലഭിച്ച കുന്നംകുളം, ഒറ്റപ്പാലം നഗരസഭകളിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന പ്ലാന്റുകളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് ലഭിച്ചിട്ടുള്ള ഒറ്റപ്പാലം നഗരസഭയിൽ സ്ഥാപിക്കുന്ന Sewage treatment Plant ന് 2019 ലെ കേരളാ മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 3(4)a (1999 ലെ KMBR 3(c)a പ്രകാരം സെറ്റ് ബാക്കിൽ ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലിസിമോൾ ഇ**

**ഡെപ്യൂട്ടി സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, ഇംപാക്ട്. കേരള, വഴുതക്കാട്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ്, പട്ടം, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ, പാലക്കാട്
സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ